**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂൾ ആയി ഉയർത്തുന്നതിന് കിഫ്ബി മുഖേന പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിന് ടി സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന ഘടകങ്ങളായ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, സെവൻസ് നാചറൽ ഫുട്ബോൾ കോർട്ട്, കോംബാറ്റ് സ്പോർട്സ് ബിൽഡിംഗ്, മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട്, വോളിബോൾ കോർട്ട്, ഗേൾസ് ഹോസ്റ്റൽ, ക്രിക്കറ്റ് പ്രാക്ടീസ് നെറ്റ്, ഗ്യാലറി ബിൽഡിംഗിനൊപ്പം ചെയിഞ്ച് റൂം മുതലായവയുടെ ലേഔട്ട് ഉൾപ്പെടെയുള്ള ഡി പി ആർ തയ്യാറാക്കി വരികയുമാണ്.** |
| (ബി) | ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | **കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിന് ടി സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന ഘടകങ്ങളായ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, സെവൻസ് നാചറൽ ഫുട്ബോൾ കോർട്ട്, കോംബാറ്റ് സ്പോർട്സ് ബിൽഡിംഗ്, മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട്, വോളിബോൾ കോർട്ട്, ഗേൾസ് ഹോസ്റ്റൽ, ക്രിക്കറ്റ് പ്രാക്ടീസ് നെറ്റ്, ഗ്യാലറി ബിൽഡിംഗിനൊപ്പം ചെയിഞ്ച് റൂം മുതലായവയുടെ ലേഔട്ട് ഉൾപ്പെടെയുള്ള ഡി പി ആർ തയ്യാറാക്കി വരികയുമാണ്.** |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്; | (സി) | **കായിക വകുപ്പിന്റെ കീഴിലുള്ള കിഫ്ബി പ്രവൃത്തികളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചിട്ടുണ്ട്.** |
| | | | |

| | | | |
|---|---|---|---|
| (ഡി) | സ്പോർട്സ് സ്കൂളിലെ ക്ലാസുകളിലേക്ക് 2023-24 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ സ്വീകരിക്കത്തക്ക വിധത്തിൽ നടപടികൾ ത്വരിതപ്പെടുത്താമോ? | (ഡി) | **ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കുറഞ്ഞത് 2 വർഷം സമയം ആവശ്യമാണ്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരം നിർമ്മാണ പ്രവൃത്തികൾ ചെയ്യുവാൻ നിലവിലുള്ള സ്കൂൾ കെട്ടിടം പൊളിക്കേണ്ടിവരുന്നതും അതോടൊപ്പം നിലവിലുള്ള നിരവധി മരങ്ങൾ മുറിച്ചുമാറ്റേണ്ടതുമാണ്. ഈ പ്രവൃത്തികൾക്ക് കൂടി അനുമതി ലഭിക്കേണ്ടതുണ്ട്.പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്പോർട്സ് സ്കൂളിലെ ക്ലാസുകളിലേക്ക് അഡ്മിഷൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ